കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചങ്ങനാശ്ശേരി നഗരസഭ-ചെത്തിപ്പുഴ വില്ലേജ് ബ്ലോക്ക് 3, സർവേ 317/1 ൽപ്പെട്ട മൂന്ന് സെന്റ് സ്ഥലം വീതം മോർകുളങ്ങര റയിൽ പുറമ്പോക്കിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട നാല് പേർക്ക് പതിച്ച് പട്ടയം നൽകുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.2690/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 25-9-2012.

**പരാമർശം :-** 1. സ.ഉ. (സാധാ) നം. 379/2006/തസ്വഭവ, തീയതി 29-11-2006.

2. ചങ്ങനാശ്ശേരി നഗരസഭയുടെ 3-11-11 ലെ നാലാം നമ്പർ തീരുമാനം

3. ചങ്ങനാശ്ശേരി നഗരസഭയുടെ 8-3-12-ലെ നാലാം നമ്പർ തീരുമാനം.

4. ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 9-12-11 ലെ ഇ൯-11300/03 കത്ത്.

### ഉത്തരവ്

ചങ്ങനാശ്ശേരി നഗരസഭാ പ്രദേശത്തെ മോർകുളങ്ങര റയിൽ പുറമ്പോക്കിൽ താമസിച്ചിരുന്ന 17 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി ചെത്തിപ്പുഴ വില്ലേജ് ബ്ലോക്ക് 3, സർവേ 317/1 ൽപ്പെട്ട സ്ഥലം നഗരസഭ വാങ്ങുകയും പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരിൽ 13 പേർക്ക് മൂന്നുസെന്റ് സ്ഥലം വീതം പതിച്ച് പട്ടയം നൽകുന്നതിന് അനുവാദം നൽകി ഉത്തരവായിരുന്നു. ബാക്കി 4 കുടുംബങ്ങൾക്കുകൂടി പട്ടയം നൽകണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പട്ടയം നൽകുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിൽ അപേക്ഷിക്കുന്നതിന് പരാമർശം (2), (3) പ്രകാരം നഗരസഭ തീരുമാനിക്കുകയും പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, മോർകുളങ്ങര റയിൽ പുറമ്പോക്കിൽ നിന്നും പുനരധിവസിപ്പിക്കപ്പെട്ട താഴെ ചേർത്തിരിക്കുന്ന നാല് പേർക്ക് ചെത്തിപ്പുഴ വില്ലേജ് ബ്ലോക്ക് 3, സർവേ 317/1 ൽപ്പെട്ട മൂന്ന് സെന്റ് സ്ഥലം വീതം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215(1) വകുപ്പ്, 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരവും സർക്കാരിന് യാതൊരു ബാദ്ധ്യതയുമുണ്ടായിരിക്കില്ല എന്ന നിബന്ധനക്ക് വിധേയമായും പതിച്ച് പട്ടയം നൽകുന്നതിന് ചങ്ങനാശ്ശേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൈവശക്കാരുടെ വിശദവിവരങ്ങൾ**

| ക്രമ നമ്പർ | പേര് | റേഷൻകാർഡ് നമ്പർ | സർവേ നമ്പർ | പ്ലോട്ട് നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1. | ശ്രീമതി.ജെസി ജോസഫ് കളീയ്ക്കൽ, ചീരംചിറ.പി.ഒ | 1524083364 | 317/1 | 26 | 3 സെന്റ് |
| 2 | ശ്രീ. പി.സി.ഹരികുമാർ പാണംപറമ്പിൽ, ചീരംചിറ.പി.ഒ | 1524088822 | 317/1 | 13 | 3 സെന്റ് |
| 3 | ശ്രീ. വി.എം.വിനയകുമാർ വേഴക്കാട്ടു പറമ്പിൽ, ചീരംചിറ.പി.ഒ | 1524089019 | 317/1 | 22 | 3 സെന്റ് |
| 4 | ശ്രീ.പി.കെ.ശശി അജിത്ത് ഭവൻ, അമ്പലത്തുമുറിയിൽ, ചീരംചിറ.പി.ഒ | 1524015103 | 317/1 | 19 | 3 സെന്റ് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.